File No.TRANS-C3/480/2018-TRANS

618
11/1/19

കേരള സർക്കാർ

<u>സംഗ്രഹം</u>

ഗതാഗത വകുപ്പ് - ജീവനക്കാര്യം - സേഫ് കേരള പദ്ധതിയുമായി ബന്ധപ്പെട്ട് അധികമായി സൃഷ്ടിച്ച തസ്തിക - ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഗതാഗതം(സി)വകുപ്പ്

**സ.ഉ.(കൈ) നം.1/2019/ഗതാഗതം** തീയതി,തിരുവനന്തപുരം, 04/01/2019

---

പരാമർശം:- സ.ഉ.(കൈ)നമ്പർ.56/2018/ഗതാഗതം തീയതി 24.09.2018.

<u>ഉത്തരവ്</u>

പരാമർശം പ്രകാരം സേഫ് കേരള പദ്ധതിയുമായി ബന്ധപ്പെട്ട് അധികമായി സൃഷ്ടിച്ച തസ്തികൾക്കാവശ്യമായ ഓഫീസുകൾ രൂപീകരിച്ചും ജീവനക്കാരെ വിന്യസിച്ചും ഉത്തരവായിരുന്നു. 29.11.2018-ൽ സർക്കാർ സേഫ് കേരള പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട നടപടികൾ പരിശോധിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം പ്രകാരം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിലെ ഖണ്ഡിക 4(1) ൽ നിഷ്കർച്ചിരുന്ന "എൻഫോഴ്സ്മെന്റ് സ്ക്വാഡുകളിൽ സേഫ് കേരള പ്രോജക്റ്റിന്റെ ഭാഗമായി പുതുതായി നിയമനം ലഭിക്കുന്ന അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാരെ 3 വർഷത്തേക്കും, മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാരെ 2 വർഷത്തേക്കും എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ ഒഴികെയുള്ള ഓഫീസുകളിലേക്ക് മാറ്റി നിയമിക്കുന്നതല്ല" എന്ന വ്യവസ്ഥക്ക് പകരം "മോട്ടോർ വാഹന വകുപ്പിൽ മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ/അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാരായി ജോലിയിൽ പ്രവേശിക്കുന്നവരെ ആദ്യം സേഫ് കേരള പ്രൊജക്റ്റ് സ്ക്വാഡുകളിൽ നിയമിക്കേണ്ടതും സ്ക്വാഡുകളിൽ നിലവിലുള്ള മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ/അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാർ പുതിയ മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ/അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാർ ജോലിക്ക ഹാജരാകുന്നത് വരെയോ മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാർ 2 വർഷമോ അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാർ 3 വർഷമോ ഏതാണ് ആദ്യം അതുവരെ സ്ക്വാഡുകളിൽ തുടരേണ്ടതും പുതിയ മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ/അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാർ ജോലിക്ക ഹാജരായ ശേഷം ഏറ്റവും സീനിയർ ആയ മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ/അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടറെ അവർ സ്ക്വാഡുകളിൽ തുടരാൻ ഉദ്ദേശിക്കാത്തപക്ഷം സീനിയോറിറ്റി ക്രമം പാലിച്ച് മോട്ടോർ വാഹന വകുപ്പിലെ മറ്റ് ഓഫീസുകളിലേക്ക് നിയമിക്കാവുന്നതാണ്.

2)പരാമർശം ഉത്തരവിലെ മറ്റ് നിബന്ധനകൾ അതേപടി നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ.ആര്.ജ്യോതിലാല്
പ്രിന്സിപ്പല് സെക്രട്ടറി

ട്രാൻസ്പോർട് കമ്മീഷണർ, തിരുവനന്തപുരം.
റോഡ് സേഫ്റ്റി കമ്മീഷണർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ) കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്(
ബന്ധപ്പെട്ട ട്രഷറി ഓഫീസർക്ക് (ട്രാൻസ്പോർട്ട് കമ്മീഷണർ, മുഖേനെ)
വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:ബഹു.മുഖ്യമന്ത്രിയുടെ പി.എസ്.
ബഹു.ഗതാഗത വകുപ്പ് മന്ത്രിയുടെ പി.എസ്.
ട്രാൻസ്പോർട്ട് വകുപ്പ്, പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി.എ.